File Ref.No.15314/GA - IV - E2/2023/Admn

# UNIVERSITY OF CALICUT


**Abstract**

ജനറൽ ആൻഡ് അക്കാഡമിക് IV - വിദ്യാർഥിനികൾക്ക് ആർത്തവ അവധി, പ്രസവ അവധി എന്നിവ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ .ഉ . (കൈ ) നം 33 / 2023 / HEDN തിയതി 19 .1 .2023 സർവകലാശാലയിൽ നടപ്പിലാക്കുന്ന വിഷയത്തിൽ , 14 .02 .2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിത ഇനം നമ്പർ 2023 .101 *( Emended vide item no. 2023.140* on 14.2.2023) പ്രകാരമുള്ള തീരുമാനം- സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവാകുന്നു.


---

**G & A - IV - E**

U.O.No. 4158/2023/Admn — Dated, Calicut University.P.O, 07.03.2023

---

*Read:*-1 സ .ഉ .(കൈ ) നം .33 / 2023 /HEDN തിയതി 19 .01 .2023

2. U.O.No. 14942/2016/Admn Dated 26.12.2016

3. 30.01.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിത ഇനം നമ്പർ 2023 .101 *

4. 14 .02 .2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിത ഇനം നമ്പർ 2023 .101 *( Emended vide item no. 2023.140* on 14.2.2023)

5. 06.03.2023 തിയതി പ്രസ്തുത ഫയലിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ് .

## ORDER

സൂചന (1) പ്രകാരം, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലേയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചു കൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമായി നിശ്ചയിച്ചു കൊണ്ടും കൂടാതെ 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. സർവ്വകലാശാല നിയമങ്ങളിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ അടിയന്തിര നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടു .

സൂചന (2 ) പ്രകാരം, കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാർത്ഥിനികൾക്ക് നിലവിൽ ആറ് മാസം പ്രസവാവധി നൽകുന്നുണ്ട്

സൂചന (3 ) പ്രകാരം, 30.01.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം മേൽ വിഷയം അടിയന്തിര ഇനം നമ്പർ. 2023.101* ആയി പരിഗണിക്കുകയും വിദ്യാർഥിനികൾക്ക് ആർത്തവ അവധി, പ്രസവ അവധി എന്നിവ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ .ഉ . (കൈ ) നം 33 / 2023/ HEDN തിയതി 19 .1 .2023 സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

സൂചന (4) പ്രകാരം 14.02.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം, സൂചന (3) നു ഭേദഗതി വരുത്തുകയും ,വിദ്യാർഥിനികൾക്ക് ആർത്തവ അവധി, പ്രസവ അവധി എന്നിവ നൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ .ഉ . (കൈ ) നം 33 / 2023 / HEDN തിയതി 19 .1 .2023, സർവകലാശാലയിൽ നടപ്പിലാക്കുന്ന കാര്യം അടിയന്തിര ഇനം നമ്പർ 2023.101* ( Emended vide item no. 2023.140* on 14.2.2023) ആയി പരിഗണിക്കുകയും , **സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ,**

**1) സർവകലാശാലയിലെ എല്ലാ വിഭാഗം പ്രോഗ്രാമുകളിലേയും വിദ്യാർത്ഥിനികൾക്കുള്ള ഹാജറിനുള്ള പരിധി രണ്ട് ശതമാനം (ആർത്തവാവധി ഉൾപ്പെടെ) കുറച്ചു കൊണ്ട് ആർത്തവാവധി അനുവദിക്കാൻ തീരുമാനിച്ചു.**

**2) 18 വയസ്സ് കഴിഞ്ഞ വിദ്യാർഥിനികൾക്ക്, അവർക്ക് സൗകര്യപ്രദമായ രീതിയിൽ നിലവിൽ സർവകലാശാല തുടർന്ന് വരുന്ന 26.12.2016 തീയതിയിലെ U O നമ്പർ 14942/2016 പ്രകാരമുള്ള ആറ് മാസത്തെ പ്രസവാവധിയോ**

P.O.KOKKUR
PIN: 679 591

Principal
Assabah Arts and Science College
Valayamkulam

**അല്ലെങ്കിൽ Year Back ആവാതെ തന്നെ 60 ദിവസത്തെ പ്രസവാവധിയോ, ഏതെങ്കിലും ഒരു രീതി സ്വീകരിക്കാൻ അനുമതി നൽകി.**

സൂചന (5) പ്രകാരം, ബഹു.സർവകലാശാല വൈസ് ചാൻസലർ, 14.02.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിത ഇനം നമ്പർ 2023.101*( Emended vide item no. 2023.140* on 14.2.2023) പ്രകാരമുള്ള തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കാൻ ഉത്തരവാക്കി.

ആയതിനാൽ 14.02.2023 തിയതി നടന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ അടിയന്തിത ഇനം നമ്പർ 2023.101 *( Emended vide item no. 2023.140* on 14.2.2023)

പ്രകാരമുള്ള തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവാക്കുന്നു .

Ajitha P.P

Joint Registrar

To

1 കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, പരീക്ഷ ഭവൻ

2 ബ്രാഞ്ച് മേധാവികൾ - പരീക്ഷ ഭവൻ / ഡിപ്പാർട്ട്മെന്റ് / സെന്റർ

3 പ്രിൻസിപ്പൽ - അഫിലിയേറ്റഡ് കോളേജ്

4 ജി എ IV സി സെക്ഷൻ

പകർപ്പ് : സി ഇ യുടെ പി എ / വി സി യുടെ പി എസ് / പി വി സി യുടെ പി എ / രജിസ്ട്രാറുടെ പി എ / എസ് എഫ് / ഡി എഫ് / എഫ് സി .

Forwarded / By Order

Section Officer

ASSABAH ARTS AND SCIENCE COLLEGE
P.O.KOKKUR
PIN: 679 591
Date:.................
VALAYAMKULAM

**Principal**
**Assabah Arts and Science College**
**Valayamkulam**

സ.ഉ.(കൈ) നം.33/2023/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസ വകുപ്പ് - വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി, പ്രസവാവധി അനുവദിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നതവിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(കൈ) നം.33/2023/HEDN   തീയതി,തിരുവനന്തപുരം, 19-01-2023

---

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളിലെയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചു കൊണ്ടും അറ്റന്റൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമായി നിശ്ചയിച്ചു കൊണ്ടും കൂടാതെ, 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. സർവ്വകലാശാലാ നിയമങ്ങളിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ.വി.എസ്.
അഡിഷണൽ സെക്രട്ടറി

1. രജിസ്ട്രാർ,
   കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, ന്യുവാൽസ്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല.
2. www.highereducation.kerala.gov.in
3. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HDN-E3/16/2023-HEDN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u> : 1. ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.
2. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
3. ഉന്നതവിദ്യാഭ്യാസ (ഇ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

ASSABAH ARTS AND SCIENCE COLLEGE
P.O.KOKKUR
PIN: 679 591
Date:................
VALAYAMKULAM

**Principal**
Assabah Arts and Science College
Valayamkulam